# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **659** **06.02.2013** - ൽ മറുപടിക്ക്

**<u>സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ സാമ്പത്തിക സ്ഥിതി</u>**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ | | ശ്രീ. കെ. എം. മാണി (ധനകാര്യവും,നിയമവും, ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ)ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ഭവനനിർമ്മാണബോർഡിന്റെ സാമ്പത്തികസ്ഥിതിയിൽ മെച്ചമുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബോർഡിന്റെ വാർഷികനഷ്ടം കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ബോർഡ് ഭരണസമിതി അംഗീകരിച്ച വാർഷിക കണക്കുകൾ പ്രകാരം 2010-2011 ലെ റവന്യൂ നഷ്ടം 22.74 കോടി രൂപയായിരുന്നപ്പോൾ 2011-2012 ലെ റവന്യൂ നഷ്ടം 15.30 കോടി രൂപയായിരുന്നു. കൂടാതെ ബോർഡിന്റെ ഹഡ്കോ തിരിച്ചടവ് ബാധ്യത കുറയ്ക്കുവാൻ കഴിഞ്ഞു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹഡ്കോയ്ക്ക് ആകെഉണ്ടായിരുന്ന 730.67 കോടി രൂപയുടെ തിരിച്ചടവ് ബാധ്യതയിൽ 506.421 കോടി രൂപ ബോർഡ് സർക്കാരിന്റെ 479.40 കോടിരുപയുടെ സഹായത്തോടെ അടയ്ക്കുകയും, ബോർഡിന്റെ ഹഡ്കോ തിരിച്ചടവ് ബാധ്യത 306.946 കോടി രൂപയായി കുറയ്ക്കുവാൻ സാധിക്കുകയും ചെയ്തതുവഴി പുതിയ പദ്ധതികൾകൾക്ക് വായ്പാ ധനവിഭവങ്ങൾ |

സമാഹരിക്കുന്നതിന് വഴിയൊരുക്കുവാൻ സാധിച്ചിട്ടുണ്ട്. ഇപ്പോൾ ഭവനനിർമ്മാണ ബോർഡ് മുഖാന്തിരം നടപ്പാക്കുന്നതിന്

പ്രഖ്യാപിച്ചിട്ടുളള പദ്ധതികൾ ഏറ്റെടുക്കുന്നതിനോടൊപ്പം ബോർഡിന്റെ കൈവശ ഭൂമിയിൽ ആദായകരമായ നിർമ്മാണ പദ്ധതികളും ഒപ്പം ഭവന വായ്പാ പദ്ധതികളും നടപ്പാക്കുന്നതോടുകൂടി ബോർഡിന്റെ സാമ്പത്തിക സ്ഥിതി ഏറെ മെച്ചമാകുമെന്ന് കരുതുന്നു.

(ബി) ബോർഡ് നിലവിൽ നടപ്പിലാക്കി വരുന്ന ഭവനപദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

(ബി) ബോർഡ് നിലവിൽ നടപ്പിലാക്കി വരുന്ന ഭവനപദ്ധതികൾ താഴെ പറയുന്നവയാണ്.

1. എം.എൻ.ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി
2. സുരക്ഷാ ഭവന പദ്ധതി
3. ഇന്നൊവേററീവ് ഭവനപദ്ധതി (ഫ്ളാററുകൾ)
4. സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുളള ഭവനപദ്ധതി (ഫ്ളാററുകൾ)
5. കവടിയാർ ഹൈററ്സ് പാരസ്പര്യ പദ്ധതി (ഫ്ളാററുകൾ)
6. കോഴിക്കോട് ബംഗ്ളാദേശ് കോളനിയിലെ കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി (വീടുകൾ)
7. സായുജ്യം ഭൂ-വികസന പദ്ധതി (പ്ളോട്ടുകൾ)

സെക്ഷൻ ഓഫീസർ